(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിർമ്മാണ പ്രവർത്തനം നിർവ്വഹിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കരാർ ഒപ്പുവച്ചിട്ടുണ്ട്.

## സാമൂഹ്യനീതിവകുപ്പ് നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ

**270 (4316)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പിന്റെകീഴിൽ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏതൊക്കെയെന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഇവയുടെ ഓരോന്നിനുമുള്ള അപേക്ഷകളുടെ കോപ്പിയും അർഹതാ മാനദണ്ഡമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) അറുപത് വയസ്സിന് മുകളിലുള്ള ഏജ് ഗ്രൂപ്പുകാരുടെ വയസ്സ് തിരിച്ചുള്ള പ്രത്യേക കണക്ക് തയ്യാറാക്കിയിട്ടുണ്ടോ ; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് ;

(സി) ഇവർക്കായി സാമൂഹ്യനീതിവകുപ്പ് മുഖേന നടത്തുന്ന സഹായ സംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; ഓരോ പഞ്ചായത്തും കേന്ദ്രീകരിച്ച് ഇവരുടെ സഹായ സംരക്ഷണ പ്രവർത്തനങ്ങൾക്കും ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ശിശുസംരക്ഷണ പദ്ധതികൾ

**271 (4317)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly